കഥ

# ശിരച്ഛേദം

വിജയകുമാർ കളരിക്കൽ

വിശ്വന് സുശീലനെ മറക്കാൻ കഴിയുമോ?

ഇല്ല.

പലപ്പോഴും, സുശീലന്റെ അടുത്തുനിന്നും എന്തെങ്കിലും വാർത്ത എത്തുമ്പോൾ മറന്നിരുന്നു എന്ന തോന്നലും ഉണ്ടായിട്ടുണ്ട്.

അങ്ങിനെ മറന്നിരിക്കുമ്പോൾ അറിഞ്ഞിട്ടുള്ള വാർത്തകളാണ്, സുശീലൻ ഡിഗ്രി കഴിഞ്ഞതും, സർക്കാരിൽ ഗുമസ്തനായതും,സഹോദരിമാരെ വിവാഹം ചെയ്തു വിട്ടതും, അവൻ വിവാഹം കഴിച്ചതും, അവന്റെ അച്ഛൻ മരിച്ചതും, അമ്മക്ക് പ്രഷർ അധികമായി തളർന്നു കിടന്നതും.....

എന്നാൽ ഈ അറിവുകളെല്ലാം വിശ്വനെ തേടിയെത്തിയിട്ടും, അതെല്ലാം സുശീലൻ അറിയിച്ചതായിട്ടും ഒരിക്കൽ പോലും അവന്റെയിടത്ത് പോവുകയോ, കാണേണമമെന്ന് തോന്നുകയോ ചെയ്തിട്ടില്ല. എങ്കിൽ സുശീലൻ, വിശ്വന്റെ എല്ലാ വിശേഷങ്ങൾക്കും അവനരുകിൽ ഓടിയെത്തുകയും വേണ്ടതെല്ലാം ചെയ്തിട്ടുമുണ്ട്. അതിനൊന്നും ഒരു നന്ദി വാക്കുപോലും വിശ്വൻ പറഞ്ഞിട്ടില്ല, സുശീലൻ കാത്തു നിന്നിട്ടുമില്ല.

അതിന്റെയൊക്കെ പേരിൽ വിശ്വന്റെ അച്ഛനും അമ്മയും പരിഭവം പറഞ്ഞിട്ടുണ്ട്. ശങ്കു പണിക്കന്റെ മരണ അറിയിപ്പു കിട്ടിയപ്പോൾ പോകണമെന്ന് വിശ്വന്റെ ഭാര്യ വിശാലം നിർബ്ബന്ധത്തോടെ ശഠിക്കുകയും, അവൾ മാത്രമായിട്ട് പോവുകയും ചെയ്തിട്ടുണ്ട്. ആ കുടുംബ ബന്ധങ്ങളുടെ കെമിസ്ട്രി അത്രമാത്രം വിശാലത്തെ സ്വാധീനിച്ചിട്ടുണ്ട്. എന്നിട്ടുപോലും വിശ്വൻ ആ കെമിസ്ട്രിക്കുള്ളിൽ എത്തിയില്ല.

സുശീലനെ ആദ്യമായി കാണുന്നത് ഇന്നും ഓർമ്മയുണ്ട് വിശ്വന്,

ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് മങ്കാവുടി താലൂക്കിൽ ശ്രീപുരം ദേശത്ത് ഓടുമേഞ്ഞ പഴയൊരു വീട്ടിൽ വാടകക്ക് താമസ്സത്തിനെത്തിയപ്പോൾ, അന്ന് വിശ്വന് പത്തു വയസ്സാണ്, സുശീലനും.

വിശ്വന്റെ അച്ഛൻ, സുകുമാരൻ നായർ ശ്രീപുരം സർക്കാർ സ്കൂളിൽ ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകനായി സ്ഥലം മാറി എത്തിയതായിരുന്നു. ശ്രീപുരത്തുനിന്നും കൊണ്ടിപ്പാടത്തേക്കുള്ള പാതയോരത്തായിരുന്നു അവരുടെ വാടക വീട്.

അത് മഴയിൽ കുതിർന്നൊരു ദിവസമായിരുന്നു. അന്നൊക്കെ ഇടവപ്പാതി കഴിഞ്ഞാൽ മഴ പെയ്യുക എന്നത് കണിശ്ശമായിരുന്നു, കുട്ടികൾ സ്കൂളിൽ പോകുമ്പോഴും സ്കൂളു വിട്ടു വരുമ്പോഴും പെയ്യുക എന്നത് ഒരു ശൈലിയും.

വിശ്വന് ആ ദേശം ഇഷ്ടമായില്ല, സ്കൂളും വീടും. നഗരത്തിലെ സ്കൂളും, വാഹനത്തിലുള്ള പോക്കു വരവും കൂട്ടുകാരും വേർപെട്ടതിൽ വിഷമിച്ചു. പക്ഷെ,

ഒറ്റ മകനെ ചിറകിനുള്ളിൽ നിന്നും അകറ്റി നിർത്തുന്നതിൽ സുകുമാരൻ നായർ ഇഷ്ടപ്പെട്ടില്ല.

അവന്റെ വാടക വീടിന്റെ തൊട്ട് അയലത്തായിരുന്നു ശങ്കു പണിക്കനും ഭാര്യയും മൂന്നു മക്കളും പാർത്തിരിന്നത്. മക്കളിൽ ഇളയവനായിരുന്നു സുശീലൻ. സുശീലന്റെ ചേച്ചിമാർ സുനന്ദയും സുലോചനയും സുന്ദരികളായിരുന്നു, അവരുടെ അമ്മ ലക്ഷ്മിക്കുട്ടിയെപ്പോലെ. സുശീലൻ ഇരു നിറത്തിൽ ഉയരം കുറഞ്ഞവനായിരുന്നു, അവന്റെ അച്ഛനെ പോലെ.

മുമ്പേ നടന്നു പോകുന്ന സുകുമാരൻ സാറിന്റെ പിന്നാലെ തോളത്തു കൈയ്യിട്ട് അങ്ങോട്ടും ഇങ്ങോട്ടും ഉന്തും തള്ളുമായിട്ടാണ് അവർ സ്കൂളിൽ പോയിരുന്നത്. അവർക്ക് പിറകെ സുനന്ദയും സുലോചനയും.

അവരുടെ ആദ്യ മഴക്കാലത്തു തന്നെ ഇടം കാലിട്ട് സുശീലനെ ചെളി വെള്ളത്തിൽ വീഴ്ത്തി, വിശ്വൻ. വെളുത്ത യൂണിഫോം ഷർട്ടിൽ ചെളിയുമായി ക്ലാസ്സിൽ ചെന്നപ്പോൾ ടീച്ചർ ചോദിച്ചിട്ടും വിശ്വനാണ് വീഴ്ത്തിയതെന്ന് അവൻ പറഞ്ഞില്ല. സുലോചന അതിനെ ചോദ്യം ചെയ്തു.

സുശീലൻ പറഞ്ഞു.

“അവനെ സാറു തല്ലില്ലെ ചേച്ചി... അവനെന്റെ കൂട്ടുകാരനല്ലെ ചേച്ചി.....”

ആ കൂട്ടുകാരൻ പിന്നീടും അതേപോലുള്ള വികൃതികൾ കാണിച്ചു, സുശീലൻ ചിരിയോടെ ഉൾക്കൊണ്ടു. അമ്മ, വിശേഷിച്ച് എന്തുണ്ടാക്കിയാലും ഒരു പങ്ക് വിശ്വന് കൊടുത്തു. അവന്റെ പുസ്തകങ്ങൾ ചുമന്നു നടന്നു. വിശ്വന് ഒരിക്കൽ പനി പിടിപെട്ട് അബോധാവസ്ഥയിൽ കിടന്നപ്പോൾ ഉറക്കമിളച്ച് കട്ടിലിനരുകിൽ വിഷമിച്ചിരുന്നു. എങ്കിലും ലഭിച്ച എല്ലാ നല്ല സമയങ്ങളിലും അവനെ വേദനിപ്പിക്കാൻ നോക്കിയിട്ടുണ്ട്, വിശ്വൻ. പക്ഷെ, ഒരിക്കൽ പോലും വേദനിച്ചെന്ന് പറയുകയൊ, ഇഷ്ടമല്ലെന്ന് നടിക്കുകയോ ചെയ്തില്ല, സുശീലൻ. ശങ്കു പണിക്കൻ നല്ല കല്ലാശ്ശാരി ആയിരുന്നു. ഇരു നിറത്തിൽ ഒരു കല്ലനായിരുന്നു. അയാൾ പണിത വീടുകളെല്ലാം മനോഹരങ്ങളായിരുന്നു. അന്തിക്ക് ഇത്തിരി മദ്യവുമായെത്തുന്ന അയാൾ നല്ല കഥകൾ പറയുമായിരുന്നു, പാട്ടുകൾ പാടുമായിരുന്നു.

അയാൾ പറഞ്ഞിരുന്ന കഥകളെല്ലാം സുന്ദരന്മാരായ രാജകുമാരന്മാരുടേയും സുന്ദരികളായ രാജകുമാരിമാരുടേതുമായിരുന്നു. അയാൾ പാടിയ പാട്ടുകളെല്ലാം പ്രണയഗാനങ്ങളായിരുന്നു.

ശങ്കു പണിക്കന്റെ മനസ്സും ശരീരവുമായിരുന്നു സുശീലന് കിട്ടിയത്. അതുകൊണ്ട് അവന്റെ എല്ലാ കോറലുകളും, എല്ലാ കുനിപ്പുകളും കവിതകളായി....... ഗുരുക്കന്മാരുടെ ശിക്ഷണമില്ലാതെ തന്നെ സുന്ദരന്മാരെയും സുന്ദരിമാരെയും ക്യാൻവാസിൽ വരച്ചു വച്ചു. കല്ലുകളിൽ കൊത്തി വച്ചു. പ്രകൃതിയിലെപ്പോലെ ഒരു ലോപവുമില്ലാതെ ചായക്കൂട്ടുകൾ ക്യാൻവാസിലേക്ക് കോരിയൊഴിച്ച് പ്രകൃതിക്ക് പ്രതിരൂപങ്ങൾ തീർത്തു.....

പിരിഞ്ഞു പോകുന്ന അദ്ധ്യാപകരെയും നാട്ടിലെ അപ്പൂന്മാരെയും അമ്മൂമ്മമാരെയും വരച്ചുകൊണ്ട് നാട്ടുകാരിലെ താരമായി.

വിശ്വന്റെ കണ്ണുകൾക്ക് മുമ്പിൽ അതൊന്നും സുന്ദരങ്ങളായില്ല, മനസ്സിൽ കവിതകളായില്ല. അവൻ വ്യത്യസ്ഥമായ ലോകത്ത് ഒറ്റയാനെപ്പോലെ അലഞ്ഞു നടന്നു, ആവശ്യത്തിലേറെ വളർച്ചയും ഇത്തിരി അഹങ്കാരവുമായിട്ട്.

*****

ഇതിന് മുമ്പൊരിക്കലും അവനെക്കുറിച്ചൊരു വാർത്ത പത്രത്താളുകളിലൊ, ചാനലുകളിലൊ കണ്ടതായുള്ള ഓർമ്മയില്ല വിശ്വന്. വന്നിരുന്നെങ്കിൽ ഒരു പത്രക്കാരനെന്ന നിലയിൽ കാണേണ്ടതായിരുന്നു. വിമർശനപരമായിട്ടെങ്കിലും ശ്രദ്ധിക്കേണ്ടതായിരുന്നു.

വിശ്വന്റെ പത്രം നഗര വിശേഷങ്ങളുമായിട്ട് രണ്ടു പേജുകൾ സ്ഥിരം പ്രസിദ്ധീകരിക്കുന്നുണ്ട്. അതിൽ ചേർക്കുന്നതിനായിട്ടാണ് വാർത്ത വന്നത്.

നഗരത്തിലെ ഒരു ആർട്ട് ഗാലറിയിൽ ഒരു ചിത്രം അഞ്ചു ലക്ഷം രൂപക്ക് വില്പന നടത്തിയിരിക്കുന്നു. അതും ലേലം ചെയ്തു. അപ്രശസ്തനായൊരു ചിത്രകാരന്റെ സൃഷ്ടിയെന്ന
നിലയിൽ വാർത്തയോടുകൂടി ചേർക്കാൻ ചിത്രകാരന്റെ ഫോട്ടോയും, ചിത്രത്തിന്റെ ഫോട്ടോ പ്രിന്റും.

ആ ചിത്രകാരൻ സുശീലനായിരുന്നു.

അവന്റെ മുഖഛായക്ക് ഒട്ടും വ്യത്യാസം വന്നിട്ടില്ല. നിഷ്കളങ്കമായ നോട്ടവും സ്നേഹം ഒളിപ്പിച്ചു വച്ചിട്ടുള്ള പുഞ്ചിരിയും.............

നേർത്ത വസ്ത്രത്തിലുള്ളിൽ അംഗവടിവുകളും നിമ്നോന്നതകളും കലകളും ഭാവങ്ങളും ഒട്ടും ചോർന്നു പോകാതെ, പ്രകൃതി നൽകിയിരിക്കുന്ന നിറത്തിൽ, ലാസ്യശയനയായി ഒരു സ്ത്രീ....

അവൻ എട്ടു ചിത്രങ്ങളുമായിട്ടാണ് പ്രദർശനത്തിനെത്തിയത്. മറ്റ് മൂന്നു ചിത്രങ്ങൾ പ്രകൃതി ദൃശ്യങ്ങളും നാലെണ്ണം ആധുനീക വീക്ഷണങ്ങളുമായിരുന്നു. ആരെല്ലാമോ കൂടി സംഘടിപ്പിച്ചൊരു പ്രദർശനം. വളരെ പ്രശസ്തരായവരുടേയും വിലകൂടിയവരുടേയും ചിത്രങ്ങളുണ്ടായിരുന്നു. തുടക്കത്തിലും തുടർന്നും അവന്റെ ചിത്രങ്ങൾക്ക് മുന്നിൽ കാഴ്ചക്കാർ പോലും കുറവായിരിന്നു.

പ്രദർശനം തീരുന്ന ദിനം അവന്റെ ചിത്രങ്ങൾ നോക്കി ഒരാൾ നിന്നു. പലതും കണ്ട ശേഷം ആ ചിത്രത്തിനു മുന്നിൽ വീണ്ടും വന്നു.

വേഷങ്ങളിൽ, ഭൂഷണങ്ങളിൽ അയാളൊരു വിലയേറിയ ഉപഭോക്താവാണെന്നു തോന്നിച്ചു. അയാൾക്ക് ചുറ്റും കാണികളുടെ എണ്ണം കൂടി. എല്ലാ മുഖങ്ങളിലും ആകാംക്ഷാപരമായൊരു വെളിച്ചം.

തിരക്ക് സംഘാടക നേതാവിന്റെ കച്ചവട കണ്ണുകളെ തുറപ്പിച്ചു. അയാൾ തന്ത്രജ്ഞനായി, വില പറഞ്ഞു.... പേശി....അപ്പോൾ പലരും വില പറഞ്ഞു.... ചെറിയൊരു മത്സരത്തിനൊടുവിൽ വിലയുറപ്പിക്കുകയായിരുന്നു.

അഞ്ചു ലക്ഷം രൂപ.

പത്രക്കാർ ആ വാർത്ത അത്ര കാര്യമായി പരിഗണിച്ചില്ല. ചെറിയൊരു വാർത്തയും ചിത്രത്തിന്റെ പടവും ചിത്രകാരന്റെ ഫോട്ടോയും കൊടുത്തു നിർത്തി.

പക്ഷെ, പല പ്രധാന ചാനലുകളും അന്നേ ദിവസം പല പ്രാവശ്യം ചിത്രം പ്രദർശിപ്പിച്ചു, വിശദീകരണങ്ങൾ കൊടുത്തു, ചിത്രകാരന്റെ അഭിമുഖം കൊടുത്തു.

അഭിമുഖത്തിൽ സുശീലൻ മനോഹരമായൊരു കഥ പറഞ്ഞു.

അതൊരു സ്വപ്നത്തിന്റെ കഥ ആയിരുന്നു.

മീന മാസച്ചൂടിൽ തളർന്നു മയങ്ങി, വെളുപ്പാൻ കാലത്ത് ലഭിച്ച ഇത്തിരി ഗാഢമായ നിദ്രയിൽ കണ്ടൊരു കനവ്....

ഒരു പാവക്കുട്ടി,

ചൈനീസ് മുഖവും കൺപോളകളുമുള്ള ഒരു കൊച്ചു പാവക്കുട്ടി,

അവൾക്ക് വെളുത്ത കിന്നരി വച്ച ഉടുപ്പുകളും തലപ്പാവും ഉണ്ടായിരുന്നു,

കൈകളിലും കാലുകളിലും വെളുത്ത ഉറകൾ അണിഞ്ഞിരുന്നു,

കണ്ടു കണ്ടിരിക്കെ അവൾ, ആ പാവക്കുട്ടി വളർന്നു കൊണ്ടിരുരന്നു,

ശൈശവം വിട്ട്, ബാല്യം വിട്ട്, കൗമാരം വിട്ട്,

അവൾക്ക് പ്രായപൂർത്തിയായി,

വെളുത്ത ഉടുപ്പിൽ രക്ത നിറം പടർന്നു,

അവൾ കണ്ണുകൾ തുറന്നു,

എഴുന്നേറ്റിരുന്നു,

അപ്പോൾ അവളൊരു ചൈനീസ് പാവക്കുട്ടിയല്ല, അവൾക്ക് ചൈനീസ് കൺപോളകളില്ല.

അവളുടെ ഛായ കണ്ട്, നിറം കണ്ട് ഏതു ദേശക്കാരിയാണെന്ന് അറിയാൻ കഴിയാതെ ആയി.

അവളുടെ ഉടയാടകൾ ഊർന്നു പോയി,

ഗോതമ്പു നിറം,

കരിങ്കൂവള കണ്ണുകൾ,

എന്നാൽ അവളെ വാക്കുകളാൽ വർണ്ണിക്കാനാവാതെയായി,

സുശീലൻ വികാരം കൊണ്ടു.

അവൾ എന്റെ ക്യാൻവാസ്സിലേക്ക് ഒഴുകി ഇറങ്ങുകയായിരുന്നു.

വിശ്വൻ വല്ലാതെ അസ്വസ്ഥതപ്പെട്ടു. മറക്കണമെന്നു കരുതുന്ന മുഖം വീണ്ടും വീണ്ടും മനസ്സിലേക്ക് കടന്നു കയറി വരാൻ ഓരോരോ ഹേതുക്കളുണ്ടാകുന്നു.

അല്ല, ഒന്നു മാറി ചിന്തിച്ചാൽ എന്തിനു വേണ്ടിയാണ് സുശീലനെ മറക്കണമെന്ന് ആഗ്രഹിക്കുന്നത്, അതിനു ശേഷം എത്രയോ സുഹൃത്തുക്കൾ ഉണ്ടായിരിക്കുന്നു. അതിൽ മറന്നു പോയവരുണ്ട്, എപ്പോഴും ഓർമ്മിക്കുന്നവരുണ്ട്. പക്ഷെ, മറക്കണമെന്ന് ആഗ്രഹിച്ചിട്ടും മറക്കാൻ കഴിയാത്ത ഒറ്റ മുഖവുമില്ല, സുശീലനെപ്പോലെ.

അപ്പോൾ സുശീലനോട് അവാച്യമായൊരു ബന്ധമുണ്ട്.....

ആ നിഷ്കളങ്കമായ കണ്ണുകൾ, സ്നേഹം ഒളിപ്പിച്ചു വച്ച പുഞ്ചിരി....

പിറ്റേന്നു തന്നെ പത്രങ്ങളും ചാനലുകളും സുശീലനെ ഉപേക്ഷിച്ചു. അവന്റെ ചിത്രങ്ങൾ കണ്ട ചിലർ മാത്രം അടുത്ത ദിവസങ്ങളിൽ ഓർമ്മയിൽ വച്ചിട്ടുണ്ടാകാം, അടുത്ത സുഹൃത്തുക്കളും ബന്ധുക്കളും അവനെ കാണുമ്പോൾ ആ ചിത്രത്തേയും ഓർമ്മിച്ചിരിക്കാം...

എന്നാൽ അധികം വൈകാതെ തന്നെ വീണ്ടും വാർത്തയായി സുശീലൻ വന്നു.

ഒരു രാത്രിയിൽ,

അർദ്ധരാത്രിയും കഴിഞ്ഞ നേരത്ത്,

സുശീലന്റെ വീടിന്റെ കോളിംഗ് ബെല്ല് മുഴങ്ങി.

അരോചകമായൊരു ശബ്ദമാണതിന്, പഴക്കം വന്ന് അതിന്റെ ഭൗതീക ശാസ്ത്രം തകരാറിലായതുകൊണ്ട്.

ആദ്യ ബെല്ലിൽ തന്നെ അവന്റെ അമ്മ അറിഞ്ഞതാണ്. പക്ഷെ, ഒരു വശം തളർന്ന് കുഴമ്പിന്റേയും, കഷായത്തിന്റേയും മണവുമായി കിടക്കുന്ന അവർക്ക് എന്തു ചെയ്യാനാകും....
കട്ടിലിൽ കിടന്നു തന്നെ സുശീലനെ വിളിച്ചു. കോടിപ്പോയ ചുണ്ടിൽ നിന്നും പുറത്തു വന്നത്അപശബ്ദങ്ങൾ മാത്രം.

അവരുടേത് ഭോഗാലസ്യത്തിലുള്ള ഉറക്കമായിരുന്നു, സുശീലന്റേയും സിന്ധുവിന്റേയും. അതുകൊണ്ട് ആദ്യ മണിമുഴക്കത്തിലൊന്നും പൂർണ്ണമായ ഉണർവിലേക്കെത്തിയില്ല.

അവൻ ഉണർന്നപ്പോൾ ആദ്യം ശ്രദ്ധിച്ചത് സിന്ധുവിനെയാണ്. അവൾ ഉണർന്നിട്ടില്ലെന്നുമാത്രമല്ല, ആലസ്യത്തിൽ വിവസ്ത്രയുമാണ്.

കുലുക്കി വിളിച്ചപ്പോൾ ഞെട്ടലോടെ ഉണർന്നു വസ്ത്രങ്ങൾ നേരെയാക്കാനുള്ള ബദ്ധപ്പാടിൽ വല്ലാത്തൊരു മുഖഭാവത്തോടെയാണ് അവനെ നോക്കിയത്.

മണിമുഴക്കങ്ങൾ ഏറുകയാണ്.....

വസ്ത്രങ്ങൾ തെരു പിടിച്ച്, മുറുക്കിയുടുക്കാനുള്ള സാവകാശം പോലും കാണിക്കാതെ ബഢ്റൂം തുറന്ന്, പുറത്തേക്കുള്ള കതക് തുറന്ന്,

പുറത്ത് ഇരുട്ടിൽ നാലഞ്ചു പേർ....

മുഖങ്ങൾ മറച്ച്,

ആയുധങ്ങൾ ധരിച്ച്,

അവർ തിക്കി അകത്തേക്ക് വന്നു.

സുശീലന്, സിന്ധുവിന് ഒന്നു മിണ്ടാൻ കൂടി കഴിയാതെ നിന്ന നേരത്ത്.....

"ഞങ്ങൾ നിന്റെയീ വലതു കൈ ഇങ്ങെടുക്കുവാ... ഈയൊക്കെ കൊണ്ട് നീയിനി പടം വരക്കല്ല്...."

"നിങ്ങൾ...."

സുശീലന് മുഴുമിക്കാൻ കഴിഞ്ഞില്ല.

കൈപ്പത്തിയറ്റ് തറയിൽ....

സിന്ധുവിന്റെ മുഖത്തും നെറ്റിയിലും ചുവപ്പണിയിച്ചുകൊണ്ട്, വെള്ള പൂശിയ ഭിത്തിയിൽ രക്ത പുഷ്പങ്ങൾ തീർത്തുകൊണ്ട്....

എല്ലാ ഓർമ്മകളും നശിച്ച്......

******

സുശീലൻ വരച്ചത് ലോകപ്രശസ്തയായ, ബഹുമാന്യയായ ഒരു നർത്തകിയുടെ ചിത്രമായിരുന്നെന്ന് പത്രങ്ങൾ, ചാനലുകൾ പറഞ്ഞു, അവരുടെ വ്യത്യസ്ഥ ഫോട്ടോകൾ കാണിച്ച് വിശ്വസിപ്പിച്ചു.

ആ നർത്തകിയുടേത് തികച്ചും അനാഥമായൊരു ബാല്യമായിരുന്നെന്നും, തുണക്കെത്തിയ ആളുടെ ആഗ്രഹ പ്രകാരം മേടയിലേറിയെന്നും, ആകാര സൗഷ്ടവം കൊണ്ടും സൗന്ദര്യം കൊണ്ടും പ്രതിഭകൊണ്ടും യൗവനമായപ്പോഴേക്കും മേടകൾ കീഴടക്കിയെന്നും, പണവും അധികാരവും, അധികാരികളും കാൽ കീഴിലായെന്നും കഥകൾ പറഞ്ഞു.

അപ്പോഴാണ് ഒരു തൃണം, ആ മനോഹാരിതയാകെ ഒരു ചിത്രത്തിൽ പകർത്തി ലേലം ചെയ്തു വിറ്റ് പണമുണ്ടാക്കിയിരിക്കുന്നത്......

മലയാളിയുടെ സാംസ്കാരിക മണ്ഡലമാകെ ശക്തമായ തുലാ മഴ കൊണ്ട് കലങ്ങി മറിഞ്ഞിരിക്കുകയാണെന്നും, ഇടി വെട്ടലുകളും മിന്നലുകളും കൊണ്ട് മനസ്സുകളാകെ വ്യാകുലപ്പെടുകയാണെന്നും, ഇനിയും ചെറിയൊരു കാറ്റുകൂടി വീശിയാൽ വാഴക്കൃഷിയും കപ്പകൃഷിയും റബ്ബർ മരങ്ങളും നശിച്ചുപോകുമെന്നും കൈരളിയാകെ നാശത്തിന്റെ വക്കിലാണെന്നും രക്ഷപെടുത്തേണ്ടവർ സാംസ്കാരിക നായകന്മാരാണെന്നും അവർ ഉറക്കം തൂങ്ങിയിരുന്നാൽ ശരിയാവില്ലെന്നും മാധ്യമങ്ങൾ എഴുതി.

ആ ചിത്രം സുശീലന്റെ വെറുമൊരു സ്വപ്നമായിരുന്നെന്നും, രൂപസാദൃശ്യം യാദൃച്ഛികമാണെന്നും, അവനെതിരെയുള്ള നടപടികൾ ചിത്രകാരന്റെ അവകാശത്തിനെതിരെ, സ്വാതന്ത്ര്യത്തിനെതിരെ ഓങ്ങുന്ന വാളാണെന്നും, അത് അനുവദനീയമല്ലെന്നു സാംസ്കാരിക നായകന്മാർ പ്രതിവചിച്ചു.

എന്താകിലും ശിക്ഷാ നടപടികൾക്ക്, നിയമത്തെ കൈയ്യിലെടുക്കാൻ ആർക്കും അധികാരമില്ലെന്നും, അത് ചെയ്തത് നിയമിക്കപ്പെട്ടവരാണോ, ആരാധകരാണോ, ഇവരാരുമല്ലാത്ത സാമൂഹ്യ വിരുദ്ധരാണോ എന്ന് തീർപ്പാക്കേണ്ടത്, അതു

ചെയ്തവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണെന്നും പത്രങ്ങൾ മുഖക്കുറിപ്പുകളെഴുതി.

ഈ ചർച്ചകളൊന്നും നേരിൽ കാണാതെ, കേൾക്കാതെ, വായിക്കാതെ പലരും പറഞ്ഞറിഞ്ഞുകൊണ്ട് സുശീലൻ, നഗരത്തിലെ ഏറ്റവും വില കൂടിയ ആശുപത്രിയുടെ ഓപ്പറേഷൻ
തീയറ്ററിൽ, പിന്നീട് റെക്കവറി റൂമിൽ കിടന്നു. പുറത്ത് അവന്റെ ഭാര്യയും രണ്ടു കുഞ്ഞുങ്ങളും, കാവലായി പോലീസും കുറെ സുഹൃത്തുക്കളും....

******

രണ്ടു ദിവസ ശേഷം, സുശീലന്റെ ആദ്യ ഓപ്പറേഷൻ കഴിഞ്ഞ് കൈപ്പത്തി തുന്നി ചേർത്തുവെന്നും ബോധം തെളിഞ്ഞെന്നും സംസാരിച്ചു തുടങ്ങിയെന്നും മാധ്യമങ്ങൾ ലോകത്തെ അറിയിച്ചു.

അവിചാരിത സമയത്ത് വിശ്വൻ വിശാലത്തോടു പറഞ്ഞു.

“ഞാൻ സുശീലനെ കാണാൻ പോകുന്നു ”

അവൾ ഒന്നും പറഞ്ഞില്ല. അവളുടെ മുഖത്ത് ചോര വാർന്നുണ്ടാകുന്ന വെളുപ്പുമാത്രമാണുള്ളത്. വിശ്വൻ ഒരു സാദാ പത്രക്കാരനായിട്ടാണോ, സുഹൃത്തായിട്ടാണോ പോകുന്നതെന്ന ചോദ്യത്തിന് ഉത്തരം അവന്റെ കണ്ണുകളിൽ ഉണ്ടോ എന്നറിയാൻ ഒരു നിമിഷം നോക്കി. പക്ഷെ, ഒരു ഉത്തരവും അവൾക്ക് കണ്ടെത്താനായില്ല, എന്തായാലും വിശ്വന്റെ തീരുമാനത്തെ പ്രോത്സാഹിപ്പിച്ചു.

മൂന്നു വർഷമായിട്ട് വിശ്വൻ ഡെസ്ക് വിട്ട് പുറത്തു പോയിട്ടില്ല. ഡെസ്കിലെ പണി കഴിഞ്ഞാൽ രണ്ടല്ലെങ്കിൽ മൂന്ന് പെഗ് മദ്യവും കോളമെഴുത്തിനുള്ള വായനയുമായി സ്വസ്ഥമായിരുന്നു.

ഫോട്ടോ ഗ്രാഫർ ജോസഫിനോടൊപ്പം എല്ലാ സജ്ജീകരണങ്ങളുമായിട്ടാണ് പുറപ്പാട്. ഏതു കാലാവസ്ഥയിലും യോജിക്കാൻ കഴിയുന്ന ബൈജുവാണ് ഡ്രൈവർ.

പത്രക്കാരന്റെ അധികാരത്തോടും അവകാശത്തോടും കൂടിയെത്തിയിട്ടും അര മണിക്കൂർ കാത്തു നിന്നതിനു ശേഷമാണ് അവരെ സുശീലന്റെ മുറിയിലേക്ക് കടത്തിവിട്ടത്.

ശീതീകരിച്ച മുറിയിൽ, കട്ടിലിൽ, നീലച്ച പുതപ്പിനുള്ളിൽ അവൻ ഉറങ്ങുകയാണ്. വിശ്വൻ ആ മുഖത്തു തന്നെ നോക്കി നിന്നു. നിഷ്കളങ്കമായ ആ കണ്ണുകൾ കണ്ടില്ല, ചുണ്ടത്ത് സ്നേഹം ഒളിപ്പിച്ചു വച്ച പുഞ്ചിരിയിപ്പോഴുമുണ്ട്.

അവനരുകിൽ അലങ്കോലമായ വസ്ത്രത്തിൽ പാറിപ്പറന്ന മുടിയുമായി സിന്ധു. അവളെ ആദ്യം കാണുകയാണെന്ന് വിശ്വൻ ഓർമ്മിച്ചു. അവരുടെ നേർത്ത പാദ ചലനം പോലും അവളെ ഉണർത്തി. അവളുടെ മുഖത്ത് പുഞ്ചിരി, അവൾക്ക് വിശ്വനെ മനസ്സിലായിരിക്കുന്നു.

“സുശീലാ... ”

വിശ്വൻ വിളിച്ചു.

അവൻ കണ്ണുകൾ തുറന്നു, നിഷ്കളങ്കമായ ആ കണ്ണുകളിലേക്ക് നോക്കിയിരുന്നു, വിശ്വൻ, എത്ര സമയം എന്നു നോക്കാതെ.

ആ നിമിഷം വരെയുള്ള കഥകൾ വള്ളിപുള്ളി വിടാതെ എല്ലാം പറഞ്ഞു, സുശീലൻ ഇടക്കൊക്കെ സിന്ധുവിന്റെ സഹായവും കിട്ടി.

ഈ സമയത്തും ജോസഫ് ജോലി ചെയ്തു കൊണ്ടിരുന്നു, ആവശ്യത്തിലേറെ....

കർട്ടൺ നീക്കി വച്ചിരിക്കുന്ന ജനാലയുടെ ചില്ലിൽകൂടി അസ്തമന സൂര്യന്റെ ചോരച്ചുവപ്പ് മുറിയിലേക്ക് കടന്നു വരുന്നുണ്ട്. നേർത്ത ഒരു ചൂടുണ്ട്. ഏസി ഓഫ് ചെയ്തിരിക്കുകയാണോ എന്ന് വിശ്വൻ സംശയിച്ചു. ദേഹത്ത് വിയർപ്പു പൊടിഞ്ഞിരിക്കുന്നു.

“കോളേജിൽ എനിക്കൊരു ഇഷ്ടമുണ്ടാരുന്നു. വനജ, കൊണ്ടിപ്പാടത്തുകാരി തന്നെയാരുന്നു. ”

സുശീലൻ അടുത്ത കഥ പറഞ്ഞു തുടങ്ങിയപ്പോൾ സിന്ധു കട്ടിലിനെ വിട്ട് ജനാലക്കരുകിലേക്ക് നീങ്ങി, അസ്തമന സൂര്യനെ നോക്കി നിന്നു. അവന്റെ പ്രണയ കഥ കേൾക്കാതിരിക്കാൻ മനസ്സാൽ ചെവിയെ അടച്ചു പിടിക്കുകയാണെന്ന് അവളുടെ മുഖം പറയുന്നു.

“വെറുമൊരു കാമ്പസ് പ്രണയമമായിരുന്നില്ല ഞങ്ങളുടേത്, പക്ഷെ, പലർക്കും വേണ്ടി ഒരുമിച്ചൊരു ജീവിതം വേണ്ടെന്നു വച്ചു, അവളെ അമ്മാവൻ മൂളിയാറിലേക്ക് നാടുകടത്തി കൊണ്ടുപോയി, കാസർഗോട്ടെ... അവിടെ ഒരാൾക്ക് വിവാഹം ചെയ്തു കൊടുത്തു. ”

“കാസർഗോടും, മൂളിയാറും, തെക്കൻ കർണാടകവുമെല്ലാം ഇന്ന് ചരിത്രത്തിന്റെ ഭാഗമായിരിക്കുകയല്ലെ, ചരിത്രരേഖകളിലും, അതിന്റെ വർണ്ണ ലിപികളിലും എന്റോസൽഫാനെന്ന മനോഹരമായ നാമം വായിക്കാത്തവരാരുമുണ്ടാകില്ലല്ലോ.... ”

“വനജ തിരിച്ചു പോന്നു, മോനുമായിട്ട്, ഭർത്താവിന്റെ സ്നേഹവും കരുതലും ഇല്ലാഞ്ഞിട്ടല്ല... ജീവിച്ചു മടുത്തതുകൊണ്ടാണ്.... ആ കുഞ്ഞിന്റെ ചികിത്സക്കു വേണ്ടിയാണ് ഞാൻ ചിത്രങ്ങളുമായിട്ട് പ്രദർശനത്തിന് പോയത്.... അല്ലാതെ എന്റെ ചിത്രങ്ങൾ വിറ്റ് ലക്ഷങ്ങൾകിട്ടുമെന്നും, ജീവിതം ആഘോഷമാക്കാമെന്നൊന്നും മോഹിച്ചിട്ടല്ല... എനിക്കും എന്റെ കൊച്ചു കുടുംബത്തിനും കഴിയാൻ എന്റെ സർക്കാരു പണിയുടെ ശമ്പളം മതി... അമ്മ വീണു കിടന്നിട്ട് ആറുമാസമായി, അപ്പോഴൊന്നും ഞാനിങ്ങനെ ഒരു കാര്യം ചിന്തിച്ചില്ല... എനിക്ക് ആ സ്ത്രീയെ അറിയില്ല.. ഒരു ഫോട്ടോ കണ്ട ഓർമ്മ പോലുമില്ല..... ”

“പക്ഷെ സുശീലാ, ഈ ലോകം നീ പറയുന്നതൊന്നും വിശ്വസിച്ചിട്ടില്ല... നീ പറയുന്നത് സത്യമായിരിക്കാം, അത് അറിയുന്നത്, വിശ്വസിക്കുന്നത് നിന്നെ അറിയുന്നവർ മാത്രമാണ്, അല്ലാത്തവർ വെറുതെ നിശ്ശബ്ദരാകുമെന്ന് ധരിക്കരുത്...... ”

“എനിക്കറിയാം വിശ്വാ...... ”

*****

മങ്കാവുടി നഗരത്തിൽ നിന്നും ശ്രീപുരത്തേക്കുള്ള പാതക്കിരുപുറവും വന്നിരിക്കുന്ന പരിവർത്തനം ശ്രദ്ധേയമാണ്. പുതിയ വ്യാപാരസ്ഥാപനങ്ങൾ, അല്ലാത്ത സ്ഥാപനങ്ങൾ, ബാങ്കുകൾ, ആധുനീക വീടുകൾ, ഇടിച്ചു നിരത്തപ്പെട്ട കുന്നിടങ്ങൾ, തിരക്കേറിയ കവലകൾ.....

പ്രധാന പാത വിട്ട് ശ്രീപുരത്തു നിന്നും കൊണ്ടിപ്പാടത്തേക്കുള്ള വഴിയോരങ്ങളും മാറ്റങ്ങൾക്ക് വിധേയമായിരിക്കുന്നു. പക്ഷെ, സുശീലന്റെ വീട് അന്നത്തെ പോലെ തന്നെ. അതിനോട് ചേർന്നുള്ള വാടക വീട് ഇന്നില്ല. അവിടെ ഉയർന്ന മതിലും അതിനുള്ളിൽ മനോഹരമായ വീടും.

കൊണ്ടിപ്പാടം കവലയിൽ രണ്ടു മൂന്നു കടകളുണ്ട്, വലത്തോട്ട് തിരിഞ്ഞുള്ള ടാർ വഴിയിലെ നാലാമത്തെ വീടാണ് വനജയുടേത്.

ഓടു വച്ച പഴയവീട്ടിൽ നിശബ്ദതയുടെ ഇരുളിമയാണ്. കോളിംഗ് ബെല്ലും നിശ്ശബ്ദമാണ്. തുറന്നു കിടന്നുരുന്ന വാതിലിൽ തട്ടി വിളിച്ചപ്പോൾ കണ്ണിൽ വെളിച്ചം കുറഞ്ഞ ഒരു സ്ത്രീയാണ് വന്നത്.

വാതിൽ നിറഞ്ഞു നില്ക്കുന്ന ബൈജുവിനെ കണ്ടിട്ട് അവരൊന്നു ഞെട്ടിയൊ...

“എന്നാ... ആരാ.... ”

പരിചയപ്പെടുത്തിയിട്ടും അവർക്കൊന്നും മനസ്സിലായില്ല, കാഴ്ചയിൽ മാന്യന്മാരാണെന്നു തോന്നിയിട്ടും കെട്ടും മട്ടും കണ്ടിട്ട് സ്ഥിരം സന്ദർശകരല്ലെന്നു ധരിച്ചതുകൊണ്ടും അകത്തേക്ക് കയറുവാൻ വാതിൽക്കൽ നിന്നും നീങ്ങിനിന്നു.

വരാന്തയുടെ സൈഡിലെ മുറിയിൽ ആകെ ഇരുളാണ്. ഒരു മെഴുകു തിരിയുടെ വെളിച്ചം തരുന്ന മണ്ണെണ്ണ വിളക്ക് കത്തുന്നുണ്ട്. ജനാല ഉണ്ടായിട്ടും തുറന്നിട്ടില്ല.

ആ കുഞ്ഞു വെളിച്ചത്തിൽ വനജയെ കാണാം, പായ വിരിച്ച കട്ടിൽ വളഞ്ഞുകൂടി കിടക്കുന്ന വനജയുടെ മകനേയും.

ആകെ നിശ്ശബ്ദത. അവൾ, അവരുടെ സാമിപ്യം അറിഞ്ഞിട്ടില്ല. എന്തോ ആഹാര വസ്തു ചവക്കുന്നുണ്ട്,

അരഞ്ഞു കഴിഞ്ഞപ്പോൾ കൈയ്യിൽ തുപ്പിയെടുത്ത് മകന്റെ വായിൽ വച്ചു കൊടുക്കുന്നു....

പിന്നെയും, പിന്നെയും....

തള്ള പക്ഷി പപ്പു മുളക്കാത്ത ചോരക്കുഞ്ഞിന് തീറ്റ കൊടുക്കും പോലെ...

വനജയുടെ മകൻ ഒരു പക്ഷിക്കുഞ്ഞിനെപ്പോലെയാണ്, സ്വന്തമായി എടുത്തു കഴിക്കാനോ, ചവച്ചരക്കാനോ കഴിവില്ലാതെ....

എന്തോ ചലനം കേട്ടിട്ട് അവൾ തിരിഞ്ഞു നോക്കി, ഭയന്ന് എഴുന്നേറ്റു.

“സോറി, ഞങ്ങൾ..... കൊടുത്തോളൂ.... ഞങ്ങൾ പുറത്ത് നില്ക്കാം....”

ജോസഫ് ക്യാമറ പോസ് ചെയ്തതാണ്. പക്ഷെ, വിശ്വന് അനുവദിക്കാൻ കഴിഞ്ഞില്ല.

അവൾ പറഞ്ഞു

“ജന്മനാ ഇങ്ങനാരുന്നു... വിഷമരുന്നിന്റെ ഫലമാന്നാ പറയുന്നെ...”

“മോനെത്ര വയസ്സായി ?”

“പതിമൂന്ന്”

“മോന്റെ അച്ഛൻ?”

“മൂളിയാറിൽ തന്നെ... വരും, കാശൊക്കെ കൊണ്ടത്തരും... അവിടെ മാവും തോട്ടത്തിൽ പണിക്കാരനാ...”

പക്ഷിക്കുഞ്ഞായിരുന്നെങ്കിൽ പപ്പുകൾ മുളച്ചു, പറക്കമുറ്റമ്പോൾ പറന്നു പോവുകയും, ആഹാരും തേടുകയും, ജീവിക്കുകയും ചെയ്യും. പക്ഷെ, ഈ കുഞ്ഞോ....

വിശ്വൻ ഉൾക്കിടിലം കൊണ്ടു... ദേഹം വിയപ്പിൽമുങ്ങി..

പിറ്റേന്ന് വിശ്വന്റെ പത്രത്തിൽ, വിശ്വന്റെ കോളത്തിൽ, മറ്റു പത്രക്കാരൊന്നും എഴുതാത്ത കഥയെഴുതി, കാര്യങ്ങളും കാരണങ്ങളും എഴുതി....

ലേഖനത്തിനൊടുവിൽ ഇങ്ങിനെ പൂർത്തീകരിച്ചു,

സുശീലന്റേത് ഹസ്തച്ഛേദമല്ല, ശിരച്ഛേദം തന്നെയാണ്. സംസ്കാരത്തിന്റെ, അഭിപ്രായസ്വാതന്ത്ര്യത്തിന്റെ, സത് പ്രവർത്തനത്തിന്റെ.....

ഇത് മലയാളിയുടെ മൂല്യച്യുതിയാണ്....

സമ്പന്നതയുടെ, അറിവില്ലായ്മയുടെ മേൽകൈ ആണ്......

@@@@@@@@